# വിദേശികൾ ഏറെ മുന്നിൽ

നീര ഉൽപാദനത്തിൽ ഇന്തൊനീഷ്യ, ഫിലിപ്പീൻസ്, മലേഷ്യ, തായ്‌ലൻഡ്, ശ്രീലങ്ക മുന്നിൽ. ഇന്തൊനീഷ്യയിലെ ബിഗ് ട്രീ എന്ന കമ്പനി മാത്രം കഴിഞ്ഞ വർഷം 12000 കോടി രൂപയുടെ നീര ഉൽപന്നങ്ങൾ വിറ്റു. നീര പാനീയം മാത്രമല്ല, അതിൽ നിന്ന് പഞ്ചസാരയും ജാമും, സ്ക്വാഷും ചോക്‌ലേറ്റുമെല്ലാം ഉൽപാദിപ്പിക്കാം. നീരയിൽ നിന്നുണ്ടാക്കുന്ന പഞ്ചസാര അമേരിക്കയിൽ വൻ തോതിൽ വിറ്റഴിയുന്നു. പഞ്ചസാര രക്തത്തിൽ ആഗിരണം ചെയ്യുന്ന ഗ്ലൈസിമിക് സൂചിക കുറവായതിനാൽ പ്രമേഹ രോഗികൾക്ക് നീരയിൽ നിന്നുണ്ടാക്കുന്ന പഞ്ചസാര (പാംഷുഗർ) കഴിക്കാം. ഇങ്ങനെ അഞ്ചു രാജ്യങ്ങൾ ലോകവിപണിയിൽ മുന്നിലെത്തിയ രംഗത്തേക്കാണു കേരളവും അയൽ സംസ്ഥാനങ്ങളും പതുക്കെ ചുവടു വയ്ക്കുന്നത്. വിദേശ രാജ്യങ്ങളിലും നീര എന്ന പേരു തന്നെയാണുപയോഗിക്കുന്നത്.

# വ്യവസ്ഥകൾ മാറുമോ...

കേരളത്തിലെ ആകെ തെങ്ങുകളുടെ 10% ചെത്തി നീര ഉൽപാദിപ്പിച്ചാൽ 300 ദിവസം കൊണ്ട് 54000 കോടി രൂപ നേടാമെന്നാണ് ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖർ തയാറാക്കിയ റിപ്പോർട്ടിൽ പറഞ്ഞത്. നാളികേര ഉൽപപാദന കർഷക സൊസൈറ്റിയിൽ 40 മുതൽ 100 കർഷകർ വരെ വേണം. ഇവർക്കെല്ലാം ചേർന്ന് മിനിമം 4000 തെങ്ങുണ്ടായിരിക്കണം. ഇത്തരം 10 മുതൽ 25 വരെ സൊസൈറ്റികൾ ചേർന്നാണ് ഒരു ഫെഡറേഷനാകുന്നത്. ശരാശരി ഒരു ലക്ഷം തെങ്ങുകൾ ഫെഡറേഷനുണ്ടായിരിക്കണം. അത്തരം പത്തു ഫെഡറേഷനുകളെങ്കിലും (10 ലക്ഷം തെങ്ങ്) ഒരു കമ്പനിക്ക് ഉണ്ടായിരിക്കണമെന്നാണു നിബന്ധന. ഫെഡറേഷനാണ് നീര ചെത്താൻ ലൈസൻസ് നൽകുക. 173 ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകിയെങ്കിലും 204 ഫെഡറേഷനുകൾ ലൈസൻസ് കാത്തു നിൽക്കുകയാണ്.

തോട്ടം അടിസ്ഥാനത്തിൽ ചിട്ടയായി തെങ്ങു കൃഷി നടത്തുന്ന അയൽ സംസ്ഥാനങ്ങളിൽ കുറച്ചു കർഷകർ ചേർന്നാൽ തന്നെ 4000 തെങ്ങുള്ള സൊസൈറ്റി രൂപവൽക്കരിക്കാൻ കഴിയും. തമിഴ്നാട്ടിൽ ചട്ടങ്ങൾ ഇത്ര കടുത്തതല്ല. മടിച്ചുനിന്നാൽ കേരളം പിന്തള്ളപ്പെടാൻ പോകുന്നത് ഇതിലൊക്കെയാണ്.